# ആലാഹയുടെ ശീലാഹ

**കൈത്താക്കാലം മൂന്നാംഞായർ, യോഹ 9:1-12, 35-38**

ഫാ. ജോസഫ് ഇലഞ്ഞിമറ്റം

**'കണ്ണ് അടയക്കു, ഞങ്ങളുടെ ലോകം കാണൂ'** എന്ന അന്ധരുടെ വാക്കുകളിലെ തീവ്രത ചികിത്സാർത്ഥം ഒരു പ്രാവശ്യം കണ്ണുമൂടിക്കെട്ടിയിട്ടുള്ളവർക്കു ബോധ്യപ്പെട്ടിട്ടുണ്ടാവും. കാഴ്ചയില്ലാത്തതുതന്നെയാണു കാഴ്ചയുള്ളവരുടെയും പ്രശ്നമെന്ന് ഈശോ പഠിപ്പിക്കുന്ന തിരുവചനഭാഗമാണിത്. തുപ്പലുകൊണ്ടു ചെളിയുണ്ടാക്കി അന്ധന്റെ കണ്ണിൽ പുരട്ടിയത് നിലവാരം കുറഞ്ഞതും വേണമെങ്കിൽ നാച്യുറോപ്പതി എന്നു വിളിക്കാവുന്നതുമായ സൗഖ്യശുശ്രൂഷയെന്ന് ആരെങ്കിലും നിനച്ചിരിപ്പുണ്ടെങ്കിൽ ഓർക്കുക-ഈശോ ചെയ്തത് അതീവസാന്ദ്രതയുള്ള ഒരു അടയാളമാണ്.

പൊടി തകർച്ചയുടെയും നാശത്തിന്റെയും, അവസ്ഥയാണ് ബൈബിൾ ഭാഷയിൽ. ചെളിയാകട്ടെ ജീവാത്മകതയുടെ സൂചകമാണ്. കാരണം, ദൈവം ആദ്യമനുഷ്യനെ സൃഷ്ടിക്കുന്നത് ചെളിയിൽനിന്നാണല്ലോ. പൂശുക എന്നതും കഴുകുക എന്നതും ആദിമസഭയ്ക്കു മാമ്മോദീസായെ കുറിക്കുന്ന പദങ്ങളായിരുന്നു. ചാലു കീറി കനാലിലൂടെ വരുന്ന വെള്ളമായിരുന്നതിനാൽ ശീലോഹാ എന്നറിയപ്പെട്ടിരുന്ന ജലസ്രോതസ്സിലേക്കു കുരുടനെ അയയ്ക്കുക കൂടിയാകുമ്പോൾ പിതാവിൽനിന്ന് അയയ്ക്കപ്പെടുന്ന ഈശോയെ മാമ്മോദീസായിലൂടെ സ്വീകരിക്കുന്നതുവഴിയാണ് ഒരുവനു ജീവനും പ്രകാശവും സിദ്ധിക്കുന്നത് എന്ന ദൈവശാസ്ത്രസമ്പന്നതയാണ്, യോഹന്നാന്റെ വാക്കുകളിൽ. ജീവിതസാഹചര്യങ്ങളിൽ ഉഴറി വെളിച്ചം നഷ്ടപ്പെട്ട മനുഷ്യന് പുതുജന്മമായി അതേ ചെളിയോടു തുപ്പലുവഴി തന്റെ ആത്മാംശം കലർത്തി അവനെ രക്ഷയുടെ പ്രകാശത്തിലേക്കു ദൈവപുത്രൻ പുനഃസൃഷ്ടി നടത്തുന്നു. യഥാർത്ഥത്തിൽ യൂദയായിലെ മണ്ണുമല്ല ശീലോഹായിലെ ജലവുമല്ല അവനെ സുഖപ്പെടുത്തിയത്, മറിച്ച് 'ഈശോയുടെ കരുണയാണ്'. കാഴ്ചയുള്ളവരുടെ അന്ധതയ്ക്ക് ആത്മീയാന്ധത എന്നാണു പേര്. ക്രിസ്തുവിൽനിന്നു നേരിട്ട്, ചരിത്രത്തിൽ ആദ്യം കുർബാന സ്വീകരിച്ച യൂദാസ് പുറത്ത് അന്ധകാരത്തിലേക്കു പോയെന്നല്ലേ യോഹന്നാന്റെ സാക്ഷ്യം. ഇതാണ് കാഴ്ചയുള്ളവരുടെ അന്ധത. ആസക്തികളോ തെറ്റായ ബന്ധങ്ങളോ പ്രത്യയശാസ്ത്രങ്ങളോ ഒക്കെയാവാം നമ്മിലെ അന്ധത. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു (യോഹ. 7:12) എന്നു പ്രഖ്യാപിച്ച ആലാഹായുടെ ശീലോഹ അഥവാ ദൈവത്താൽ അയയ്ക്കപ്പെട്ടവനായ ഈശോയാണ് ഇനിമേൽ കാഴ്ചയുടെയും കാഴ്ചപ്പാടിന്റെയും മാനദണ്ഡം.

അതല്ലേ അവിടന്നു ജനിച്ചപ്പോൾ നക്ഷത്രവെളിച്ചം ഉദിച്ച് ജ്ഞാനികളെ വഴിനടത്തിയതും അവിടന്ന് കുരിശിൽ തലചായ്ച്ചപ്പോൾ ഭൂമിയെ ഇരുട്ടു വിഴുങ്ങിയതും. ഈശോയെ സ്വീകരിച്ച അന്ധൻ കാഴ്ചയുള്ളവനായി മടങ്ങിപ്പോയപ്പോൾ കാഴ്ചക്കാരായ പരീശപ്രമാണിമാർ ആജീവനാന്തം അന്ധതയിൽ തുടരാൻ നിശ്ചയിച്ചു. വെളിച്ചം അവർക്കു ദുഃഖമാണ്; തമസ്സോ ഏറെ സുഖപ്രദവും. ഈശോയെ കണ്ടെത്തിയ ശേഷമുള്ള അന്ധന്റെ ജീവിതം കൂടുതൽ ദുസ്സഹമാകുന്നു. അയാൾ ഭവനഭ്രഷ്ടനും നികൃഷ്ടജീവിയുമൊക്കെയായിത്തീരുന്നു. അതേസമയം ജീവിതത്തിലെ സഹനമേറുന്നതനുസരിച്ച് ഈശോ അയാൾക്കു കൂടുതൽ സുപരിചിതനും സമീപസ്ഥനുമാകുന്നു. തുടക്കത്തിൽ ഈശോ എന്ന വെറുമൊരു മനുഷ്യനായിരുന്ന ആൾ അയാളുടെ ആത്മാവിന്റെ അഗാധതയിലേക്കു പ്രവാചകനായും ദൈവത്തിൽനിന്നുള്ളവനായും മനുഷ്യപുത്രനായും അവസാനം കർത്താവായും പടർന്നുകയറുന്നു. അവൻ തന്റെ കർത്താവും രക്ഷകനുമായി ഈശോയെ സ്വീകരിക്കുകയാണിവിടെ. പരീശപ്രകൃതികളാകട്ടെ ഈ തച്ചസുതനിൽ ഇസ്രായേലിന്റെ വിമോചകനെ ഉൾക്കൊണ്ട് അവന്റെ പ്രബോധനങ്ങളുടെ ഇരുതലവാൾ ഇപ്പോഴുള്ള ജീവിതസൗകര്യങ്ങളെ ഛേദിച്ചുകളയും എന്നതിനാൽ അന്ധരായിത്തന്നെ തുടരുന്നു. അന്ധരായിരുന്ന പ്രീശരും പിറവിക്കുരുടനും ഒരേപോലെ ഈശോയുടെ സമീപസ്ഥരായിരുന്നു. മുഖ്യമായും രണ്ടു കാര്യങ്ങളിലാണ് അവൻ വ്യത്യാസപ്പെട്ടിരുന്നത്. ഒന്നാമതായി, പിറവിക്കുരുടൻ ഈശോയിൽ നൂറു ശതമാനം വിശ്വസിച്ചു. അശുദ്ധവസ്തുവായ തുപ്പലാണ് (ലേവ്യ 15:8) പുരട്ടിയതെങ്കിലും മുൻപിൻ നോക്കാതെ ഈശോ പറഞ്ഞപ്രകാരം ചേറു കഴുകാൻ അവൻ ശീലോഹക്കുളത്തിലേക്കു പോയി. അഥവാ അയയ്ക്കപ്പെട്ടവനിലെത്തിച്ചേർന്നു. കീർക്കഗോർ അബ്രാഹത്തിൽ കണ്ടെത്തിയ 'giant leap of faith' തന്നെയാണിവിടെയും. രണ്ടാമതായി, അയാൾ ഈശോയ്ക്കു സാക്ഷ്യം വഹിക്കുമ്പോഴും അയാളുടെ കണ്ണിന്റെയും അകക്കണ്ണിന്റെയും കാഴ്ച പൂർണ്ണമാകുന്നു. സ്വന്തം മാതാപിതാക്കൾപോലും തള്ളിപ്പറഞ്ഞിട്ടും സമുദായഭ്രഷ്ടിന്റെ ഭീഷണി നിലനിൽക്കെ അവൻ ഈശോയോടുള്ള കൂറ് ആവർത്തിച്ചുപ്രഖ്യാപിച്ചു. ഇരുന്നു ഭിക്ഷ യാചിച്ചവൻ നടന്നു പ്രഘോഷിക്കുന്നു. ഈശോയോട് അടുത്തുനിൽക്കുന്നു എന്നു കരുതുന്നവരേ കേൾക്കുക, ഈശോയിലുള്ള പൂർണ്ണവിശ്വാസത്തിലേക്കു വരാതെയും സാക്ഷ്യം വഹിക്കാതെയും നിങ്ങൾ പരീശപ്രമാണികളുടെ തോളോടു തോൾ ചേർന്നുനിൽക്കുകയാണിപ്പോൾ. കാഴ്ച ലഭിക്കാൻ കണ്ണിലെഴുതാനുള്ള അഞ്ജനം വാങ്ങാൻ ലവോദിക്യയിലെ സഭയോടു യോഹന്നാൻ ആവശ്യപ്പെടുന്നത് (വെളി 3,18) നമ്മോടുംകൂടിയാണ്.

അന്ധനായ മനുഷ്യന്റെ ജീവിതത്തിലെന്നപോലെ നമ്മുടെ കുറവുകൾ ദൈവത്തിനു പ്രവർത്തിക്കാനുള്ള ഇടങ്ങളാണെന്നു (2 കോറി 12,9) തിരിച്ചറിയാതെ കണ്ണടച്ച് ഇരുട്ടാക്കുന്നതു മൗഢ്യമാണ്. ചില പോസ്റ്റുമോഡേൺ സുവിശേഷകർ പഴയ യഹൂദചിന്താഗതിയിലേക്ക് (ശിഷ്യന്മാരെ ഈശോ തിരുത്തിയത്) സാധാരണവിശ്വാസികളെ വീണ്ടും വലിച്ചിഴയ്ക്കുകയാണ്.

മനുഷ്യസഹനം മുഴുവനും പിശാചിലേക്കും പൂർവ്വികപാപത്തിലേക്കും ആരോപിച്ച് ദൈവമോ വ്യക്തിയോ ഉൾച്ചേരാത്ത സ്യൂഡോ-സ്പിരിച്വാലിറ്റിയുടെ വക്താക്കൾക്ക് ഇന്നു കൈവരുന്ന ജനപ്രീതി അപകടകരമാണ്. സഹനത്തിന്റെ ഒരുത്തരം മാത്രമായി പാപത്തെ ഈശോ ഇവിടെ ചുരുക്കുകയാണ്. സഹനത്തെ മാനുഷികപരിപ്രേക്ഷ്യങ്ങളില്ല, ദൈവികപദ്ധതിയിലാണു വിശകലനം ചെയ്യേണ്ടത് എന്ന പാഠം ഈശോ പകർന്നുതരികയാണിവിടെ. നിന്റെ ജീവിതസഹനത്തെ പൂർവ്വികരിലേക്കു റീവൈൻഡ് ചെയ്യാതെ സഹനം വഴിയായി ദൈവത്തെ കണ്ടുമുട്ടുന്ന ഒരു നിമിഷത്തിലേക്ക് ജീവിതത്തെ ഒന്നു ഫോർവേർഡ് ചെയ്തു നോക്കൂ. നിന്റെ ജീവിതചിത്രത്തിന്റെ റിലേ മോശമാകുന്നതു പിശാചിന്റെ ഇടപെടലായി കാണാതെ ഏറ്റവും തെളിമയാർന്ന ചിത്രം നിനക്കു തരാൻ നിന്റെ ജീവിതം ടെലിവിഷനെന്നപോലെ ട്യൂൺ ചെയ്യുന്ന ദൈവത്തെ നീ ധ്യാനിക്കുക.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# കുറവുകളെല്ലാം ദൈവമഹത്ത്വത്തിന്

ഡോ. മാണി പുതിയിടം

ഉടമ്പടിയുടെ മക്കൾ (നിയമ 5:6-16)

പ്രകൃതിമതങ്ങളും വെളിപാടിന്റെ മതവും തമ്മിലുള്ള വലിയ വ്യത്യാസം, മനുഷ്യനോട് അടുത്തു നിൽക്കുന്ന ദൈവസങ്കല്പമാണ്. മലയിൽ നിന്നിറങ്ങി മനുഷ്യന്റെ സമീപമെത്തി അവനോടു ബന്ധപ്പെടാൻ കൊതിക്കുന്ന ദൈവം. വെയിലാറിയപ്പോൾ ദൈവം നടക്കാനിറങ്ങിയെന്നുള്ള വിവരണശൈലിയും ദൈവത്തിന്റെ മനുഷ്യോന്മുഖതയാണ് എടുത്തുകാണിക്കുന്നത്. മനുഷ്യനെ തേടിയിറങ്ങുന്നവനാണ് വെളിപാടിലൂടെ കണ്ടെത്തുന്ന ദൈവം. കാണാതെപോയ ആടിനെ തേടുന്നതും, മുടിയനായ പുത്രനെ സ്വീകരിക്കുന്നതുമൊക്കെ ദൈവത്തിന്റെ സ്വഭാവഗുണം വ്യക്തമാക്കുന്നതാണ്. ഉടമ്പടിയുടെ മക്കളാണു ദൈവജനം. പ്രകൃതിമതങ്ങളിൽ, ഇപ്രകാരമൊരു വ്യക്തിത്വമാർന്ന ദൈവത്തെ കണ്ടുമുട്ടുകയില്ല. അവ മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെ രംഗങ്ങളാണ്.

ഉടമ്പടി ചെയ്യുന്ന ദൈവം മനുഷ്യനെ നിത്യം സ്നേഹിക്കുന്നു. ആ സ്നേഹത്തിൽ അവൻ വസിക്കുമ്പോൾ മനുഷ്യനു ജീവിതസാഫല്യമുണ്ടാവുന്നു. പത്തു കല്പനകൾ ദൈവസ്നേഹത്തിന്റെ ആവിഷ്കാരമാണ്. ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കു വാനുള്ള ആഹ്വാനമാണത്. “മോശ ഇസ്രായേൽക്കാരെയെല്ലാം വിളിച്ചുകൂട്ടി പറഞ്ഞു: ഇസ്രായേലേ

കേട്ടാലും. നിങ്ങളോടു ഞാനിന്നു പറയുന്ന ചട്ടങ്ങളും നിയമങ്ങളും പഠിപ്പിക്കുകയും അനുഷ്ഠിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുവിൻ. നമ്മുടെ ദൈവമായ കർത്താവു ഹോറെബിൽവച്ചു നമ്മോട് ഉടമ്പടി ചെയ്തു. നമ്മുടെ പിതാക്കന്മാരോടല്ല നമ്മോടാണ് കർത്താവ് ഉടമ്പടി ചെയ്തത്. ഇന്ന് ഇവിടെ ജീവിക്കുന്ന നമ്മോട്'' (നിയമ 5:2-4) നാശത്തിന്റെ രഹസ്യം (ഏശ5:1-7)

വേദനയില്ലാത്ത പണം കുന്നുകൂടും. കഴിഞ്ഞകാല ജീവിതരീതികൾ ആകെ മാറി. പുതുപ്പണത്തിന്റെ പുതുപരിഷ്കാരം അടിമുടി പ്രതിഫലിച്ചു. സംസാരരീതിയിൽ മാറ്റം, പെരുമാറ്റത്തിൽ മാറ്റം. പഴയകാല സുഹൃത്തുക്കളോടൊക്കെയൊരു പുച്ഛം. താൻ വലിയ പ്രമാണിയായത് അവരെ അറിയിക്കേണ്ടയോ? പ്രാമാണികത്വത്തിന് എല്ലാത്തിന്റെയും മുമ്പിൽനിന്നു കുടപിടിച്ചു. പുതിയ പുതിയ കൂട്ടുകളായി. ഭൂതകാലസുഹൃത്തുക്കളൊക്കെ വെറും മണ്ടന്മാർ! ഒരു കൊച്ചുനാട്ടുരാജാവിന്റെ പരിവേഷം! വേണ്ടിവന്നാൽ രാഷ്ട്രീയത്തിലും അരക്കൈ നോക്കിക്കളയാം. നേതാക്കന്മാരും തരംപോലെ മുതലെടുത്തു. പക്ഷേ, പുതുപ്പണത്തിന്റെ കൊഴുപ്പ് അധികനാൾ നിന്നില്ല. വഴിവിട്ട ജീവിതം മക്കളെയും വഴിതെറ്റിച്ചു. അപ്പൻ ഉണ്ടാക്കിയതു മുഴുവനും പോരാഞ്ഞു കടംകൂടി വരുത്തിവച്ച് അടിപൊളിയാക്കി മക്കൾ! അപ്പോൾ വീണ്ടും കഴിഞ്ഞകാല ഓർമ്മകൾ എല്ലാം മായ. കർത്താവിന്റെ ഹിതം വിട്ട് സ്വാർത്ഥത തേടുന്നവരുടെയൊക്കെ അനുഭവം മറ്റൊന്നല്ല. ഏശയ്യായിലൂടെ ദൈവം സംസാരിച്ചു. അവിടുന്നു മുന്തിരിത്തോപ്പു നട്ടുപിടിപ്പിച്ചത് നല്ല മുന്തിരിപ്പഴം തിന്നാനായിരുന്നു. പക്ഷേ, കിട്ടിയതു കയ്പുള്ള കാട്ടുമുന്തിരി. അതിനാൽ അവിടുന്നു പറഞ്ഞു: ''ഈ മുന്തിരിത്തോപ്പിനോടു ഞാൻ എന്തുചെയ്യുമെന്ന് ഇപ്പോൾ പറയാം. ഞാൻ അതിന്റെ വേലി പൊളിച്ചുകളഞ്ഞ് നാശത്തിനു വിട്ടുകൊടുക്കും. അതിന്റെ മതിലുകൾ ഞാൻ ഇടിച്ചു തകർക്കും. തോട്ടം ചവിട്ടി മെതിക്കപ്പെടും. ഞാൻ അതിനെ ശൂന്യമാക്കും... അവിടെ മുൾച്ചെടികളും മുള്ളുകളും വളരും. അതിൻമേൽ മഴ വർഷിക്കരുതെന്ന് ഞാൻ മേഘങ്ങളോട് ആജ്ഞാപിക്കും. സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ഭവനമാണ്. യൂദാ ജനമാണ്, അവിടുന്നു കാത്തിരുന്നു. ഫലമോ രക്തച്ചൊരിച്ചിൽ മാത്രം! ധർമ്മനിഷ്ഠയ്ക്കു പകരം നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി!''

**മുറിവേൽക്കുമ്പോൾ(ഫിലി7:1-11)**

മറ്റുള്ളവരിൽനിന്നു മുറിവേറ്റിട്ടില്ലാത്തവരായി ആരും കാണുകയില്ല. ചിലരുടെ പ്രകൃതവും സംഭാഷണരീതിയും മുറിവേല്പിക്കുന്നു. അധികാരികളുടെ തെറ്റുധാരണയും ആക്രോശവും കഠിനമായി മുറിവേല്പിക്കും. ഉറ്റസുഹൃത്തുക്കളുടെ അപ്രതീക്ഷിതവാക്കുകൾ ഹൃദയത്തിൽ തുളച്ചുകയറിക്കാണും. ശത്രുക്കളുടെ ക്രൂരതയും പെരുമാറ്റവും മുറിവേൽപ്പിക്കുന്നവരെക്കുറിച്ചുള്ള രോഷവും അവരുടെ നീതിരഹിതനായ അധികാരി ന്യായമായിട്ടാണെങ്കിൽപോലും അങ്ങനെ പറയാൻ പാടില്ലായിരുന്നു. ഇപ്രകാരമുള്ള ചിന്തകളാണു സാധാരണമനസ്സിനെ ഭരിക്കുക.എന്നാൽ

തിരുവചനം തിരിച്ചു പറയുന്നു. മുറിവുകൾ പശ്ചാത്താപത്തിലേക്കു നമ്മെ നയിക്കുന്നുവെങ്കിൽ നാം സന്തുഷ്ടരാവും. വി.ശ്ലീഹാ കോറിന്തോസുകാർക്ക് ആദ്യം അയച്ച കത്ത് അവരെ ശരിക്കും മുറിവേല്പിച്ചു. അതിനാൽ അദ്ദേഹം സന്തോഷിച്ചു. "എന്തെന്നാൽ ആ എഴുത്ത് നിങ്ങളെ കുറച്ചുകാലത്തേക്കു മാത്രമാണെങ്കിലും ദുഃഖിപ്പിക്കുകയുണ്ടായല്ലോ. ഇപ്പോഴാകട്ടെ ഞാൻ സന്തോഷിക്കുന്നു. നിങ്ങളെ ദുഃഖിപ്പിച്ചതുകൊണ്ടല്ല, മറിച്ച്, നിങ്ങളുടെ ദുഃഖം പശ്ചാത്താപത്തിലേക്കു നയിച്ചതുകൊണ്ട്... ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ പശ്ചാത്താപം ജനിപ്പിക്കുന്നു. അതിൽ ഖേദത്തിനവകാശമില്ല. എന്നാൽ ലൗകികമായ ദുഃഖം മരണത്തിലേക്കു നയിക്കുന്നു. ദൈവികമായ ഈ ദു:ഖം എത്രയധികം ഉത്സാഹവും നിഷ്കളങ്കതയും തെളിയിക്കാനുള്ള താത്പര്യവും ധാർമ്മികരോഷവും ഭയവും ആകാംക്ഷയും തീക്ഷ്ണതയും നീതിവാഞ്ഛയുമാണു നിങ്ങളിലെല്ലാം ഉളവാക്കി യിരിക്കുന്നത് എന്നു മനസ്സിലാക്കുവിൻ" (2 കോറി 7:9-11). എല്ലാ ദു:ഖവും രക്ഷാകരമായ പശ്ചാത്താപത്തിലേക്കു നയിക്കേണ്ടതാണ്.

**കുറവുകളിൽ കുറ്റംകാണുന്നവർ (യോഹ9:1-12)**

കുറവുകളെല്ലാം ദൈവമഹത്ത്വത്തിനായി നല്കിയിരിക്കുന്നു. അന്ധനെ കണ്ട് ഈശോയുടെ ശിഷ്യന്മാരുടെ ചോദ്യം. ഇവൻ അന്ധനായി പിറന്നത് ആരു പാപം ചെയ്തിട്ടാണ്? കർത്താവിന്റെ മറുപടി. ആരും പാപം ചെയ്തിട്ടല്ല. പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകാൻ വേണ്ടിയിട്ടാണ്. ഈശോ അവനു കാഴ്ചയും നൽകി. നമ്മുടെ കുറവുകൾ നാം ദൈവത്തിനു സമർപ്പിച്ചാൽ, ദൈവത്തിന്റെ പ്രവൃത്തികൾ അവിടെ പ്രകടമാവും.കുറവുകളില്ലാത്ത മനുഷ്യരില്ലല്ലോ. എന്നാൽ കുറവുകളെ പല വിധത്തിൽ ദർശിക്കാം. അവയെ ഓർത്തു പരിതപിച്ചു കാലം കഴിക്കാം. അവയെ അംഗീകരിച്ചു പരിഹാരം തേടാം. ദരിദ്രമായ കുടുംബത്തിൽ ജനിച്ചു പോയതിനാൽ ദൈവത്തെ ശപിക്കുന്നവരുണ്ടാകാം. അംഗവിഹീനതയിൽ അപകർഷതയുള്ളവർ ധാരാളം.എന്നാൽ ഓരോ കുറവും മനുഷ്യന്റെ മുമ്പിൽ ഒരു വെല്ലുവിളിയാണ്. ഒരേ സമയം അതു ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുന്നതും അതേസമയം മനുഷ്യന്റെ കഴിവുകളെ വളർത്തുന്നതുമാണ്. ദാരിദ്ര്യത്തിൽ പിറന്നവന് ദൈവം ഉത്തമമായ ബുദ്ധിയും സാമർത്ഥ്യവും നൽകിയിട്ടുണ്ടാവാം. അതുപയോഗിച്ച് ഒരുവന് അതിവേഗം വളർന്ന് ദാരിദ്ര്യമകറ്റാൻ കഴിയും. ബാഹ്യമായ അംഗവിഹീനന് ആന്തരിക കഴിവുകൾ സമൃദ്ധമായി നൽകിയിട്ടുണ്ടാവാം. അവ മനനം ചെയ്തു വളർന്നവൻ അമൂല്യനിധിയായ മുത്തായി ഭവിക്കും.

# നിന്നിലെ വെളിച്ചം വെളിച്ചമായോ?

ഡോ.തോമസ് പാറയ്ക്കൽ

ജന്മനാ അന്ധനായിരുന്നവനെ സുഖപ്പെടുത്തുന്ന ഈശോയുടെ വാക്കുകളും പ്രവൃത്തികളുമാണ് യോഹന്നാൻ 9-ാം അദ്ധ്യായം. വെളിച്ചം ദർശിക്കാത്തവന്റെ ജീവിതമെന്തിന്? കാഴ്ചയില്ലാത്തതിന്റെ കാരണമെന്ത്? ഇത്തരം ചോദ്യങ്ങൾ തലങ്ങും വിലങ്ങും ഉയരുമ്പോൾ ദൈവികകാഴ്ചപ്പാടുകൾ മുറുകെപിടിക്കുവാൻ പര്യാപ്തമായ നിലപാടുകളാണ് ഈശോ പുലർത്തുന്നത്.

ദൈവത്തിന്റെ പ്രവൃത്തികൾ ഇയാളിൽ വെളിപ്പെടുവാൻ വേണ്ടിയാണ് ഇവന്റെ അന്ധത (യോഹ 9:3). ജീവിക്കുന്ന മനുഷ്യൻ തന്നിൽ കൊണ്ടുനടക്കുന്നത് ദൈവമഹത്ത്വമാണ്. മാനുഷികദൃഷ്ടിയിൽ അപാകതയെന്നു കരുതുന്നത് ദൈവകരങ്ങളുടെ സ്പർശത്തിൽ ദൈവത്തിനും മനുഷ്യനും ഒന്നുപോലെ മഹത്ത്വഹേതുവാകും. ജീവിതപരിതോവസ്ഥകളെ നോക്കിക്കാണുന്ന കണ്ണുകളുടെ തെളിമയിലാണ് ദൈവമഹത്ത്വവും മനുഷ്യനന്മയും സാധിക്കുന്നത്. അദ്ഭുതങ്ങളെ ദൈവമഹത്ത്വത്തിന്റെ അടയാളങ്ങൾ എന്നു കാണുന്നതാണ് യോഹന്നാൻ സുവിശേഷകന്റെ താത്പര്യം. സമാന്തരസുവിശേഷകർ കാരുണ്യത്തിന്റെ പ്രവൃത്തികളായി അവയെ പരിഗണിക്കുന്നു. ഒരേ യാഥാർത്ഥ്യത്തെ നോക്കിക്കാണുന്ന വ്യത്യസ്തമനോഭാവങ്ങളുടെ സാദ്ധ്യത ജീവിതരംഗങ്ങളിലെപ്പോഴുമുണ്ടാകും. എന്തിലും ഏതിലും ദൈവമഹത്ത്വം ഉപദർശിക്കുന്ന ശൈലി ജീവിതഭൂഷയാകട്ടെ. വെളിച്ചമില്ലാത്തവർ പ്രകാശം ദർശിക്കുവാൻ പ്രകാശത്തിന്റെ നാഥൻ ആഗ്രഹിക്കുന്നു. ''ലോകത്തിലായിരിക്കുവോളം ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു'' (യോഹ 9:5). ലോകത്തിലെ നമ്മുടെ ജീവിതത്തിന്റെ നാളുകളും പരിമിതമാണ്. പ്രകാശത്തെ അഭിമുഖീകരിക്കാനുള്ള നമ്മുടെ കാലവും നാളുകളും ഹ്രസ്വം. വെളിച്ചത്തെ നോക്കിക്കാണേണ്ടത് ഇപ്പോഴാണ്. ''നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു, ഉണർന്ന് പ്രശോഭിക്കുക. കർത്താവിന്റെ മഹത്ത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു'' (ഏശയ്യ 60:1). കർത്തൃമഹത്ത്വത്തിന്റെ ഉദയകാലമാണിത്; നിന്റെ ജീവിതത്തിനുള്ള കൃപാവരത്തിന്റെ നല്ലനാളുകൾ. ഉണർന്നു പ്രശോഭിക്കാനും ദൈവമഹത്ത്വം പേറിനടക്കാനും ജീവിതങ്ങളെ പ്രകാശമാനമാക്കാനും നിനക്കായി സജ്ജമായിരിക്കുന്ന സമയമാണിത്. ലോകത്തിലായിരിക്കുവോളം നാമും വെളിച്ചമാണ്. ലോകത്തെ ദൈവികവെളിച്ചത്താൽ പ്രഭാപൂർണ്ണമാക്കി ഉണർന്നുശോഭിക്കാനുള്ളവരാണ് നാം. ജനതകൾ നമ്മുടെ പ്രകാശത്തിലണയണം. ഉദയശോഭയാൽ

നീ നേതൃത്വത്തെ ആകർഷിക്കണം. ഭൂമിയെയും ജനതകളെയും മൂടിയിരിക്കുന്ന കൂരിരുട്ട് നിന്നിലെ പ്രകാശത്താൽ ദുരീകരിക്കണം. നിന്നിൽ കർത്താവിന്റെ മഹത്ത്വം ദൃശ്യമാകണം. ദൈവികവെളിച്ചത്തിന്റെയും മഹത്ത്വത്തിന്റെയും തേജസ്സിൽ എല്ലാറ്റിനെയും എല്ലാവരെയും കണ്ണുകളുയർത്തി നോക്കിക്കാണുവാനാണ് നമ്മുടെ ജീവിതം.

ദൈവികരക്ഷയുടെ സംവാഹകരാകുവാനാണ് വെളിച്ചത്തിലേക്ക് അവൻ നമ്മെ നയിക്കുന്നത്. അപരർക്ക് വെളിച്ചം കൊടുക്കുവാൻ നമ്മെ വെളിച്ചമാക്കിയിരിക്കുന്നു. മറ്റുള്ളവരെ പിടിച്ചുയർത്താൻ കരങ്ങൾക്ക് ബലമേകിയിരിക്കുന്നു. എല്ലാവരെയും ഉദ്ധരിക്കുന്നതിനായി കർത്താവിന്റെ ദാസനാക്കിയിരിക്കുന്നു. ''എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും'' (ഏശയ്യ 49:6). ഫ്രാൻസീസ് പാപ്പ പറയുന്നു: 'ദൈവികരക്ഷ സമീപസ്ഥമാകുമ്പോൾ ഭയം നിമിത്തം ഹൃദയവാതിലുകളടയരുത്; അന്തരംഗം ഇരുളുനിറഞ്ഞതാകരുത്. രക്ഷിക്കപ്പെട്ടവരും രക്ഷയുടെ നേരേ ഹൃദയം തുറക്കുന്നവരും കർത്താവു നല്കുന്ന രക്ഷയ്ക്കുവേണ്ടി, ഹൃദയപരിവർത്തനത്തിന് ആത്മാവിനെ അനുവദിക്കാതിരിക്കുക എന്ന കാപട്യത്തിലാണ് ' (ജൂൺ 10). ഹൃദയപരിവർത്തനം സാദ്ധ്യമാകുന്ന ഉദാരമായ വെളിച്ചം ഉള്ളിൽ നിറയുമ്പോൾ രക്ഷ നമ്മിൽനിന്ന് ബഹിർഗമിക്കും. അപ്പോൾ നമ്മെ സ്വതന്ത്രരാക്കുന്ന കർത്താവിനോടുള്ള തുറവിയാൽ നാം പൂർണ്ണരാകും.

ഈശോയുടെ ശരീരഭാഷ കുരുടന്റെ സാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞുള്ളതാണ്. നിലത്തുതുപ്പി തുപ്പൽകൊണ്ട് ചേറുണ്ടാക്കി അവന്റെ കണ്ണുകളിൽ പൂശി (യോഹ 9:6). കർത്താവിന്റെ കരസ്പർശം-ചേറുകൂട്ടിയുള്ള സ്പർശം അവന് അനുഭവിക്കാനായി. ആ കരസ്പർശം മുതൽ അവന്റെ കണ്ണുകൾ കാഴ്ചയുള്ളതാവുകയായിരുന്നു. ശിലോഹയിലെ കഴുകലിൽ അത് പൂർണ്ണമാകുന്നു. വെളിച്ചത്തിന്റെ പൂർണ്ണതയിലെത്തിക്കുന്ന കരസ്പർശങ്ങൾക്ക് ഉടമകളാകണം നമ്മൾ. അയയ്ക്കപ്പെട്ടവനിലെ കഴുകൽ ഇന്ന് വ്യക്തി ജീവിതങ്ങളിൽ സാധിതമാക്കേണ്ടത് നമ്മളാണ്. കർത്തൃസ്പർശത്തിന്റെ ചേറുമായി പോയവൻ കഴുകി കാഴ്ചയുള്ളവനായി വന്നു. ജീവിതങ്ങളെ രക്ഷയുടെ കാഴ്ചയിലെത്തിക്കുക ദൈവത്തിന്റെ പ്രവൃത്തിയുടെ തുടർച്ചയാണ്. ഈ നൈരന്തര്യത്തിന്റെ പരികർമ്മികളും സാക്ഷികളുമാകുകയാണ് നമ്മുടെ കർമ്മം.

അന്ധന് കാഴ്ച നല്കി. ഇതിന് പ്രത്യേക അർത്ഥമുണ്ട്. ഫ്രാൻസീസ് പാപ്പ ജീവിതത്തിന് അർത്ഥം നല്കുന്ന വെളിച്ചത്തെക്കുറിച്ച് അന്ധരുടെയും കാഴ്ച തടയപ്പെട്ടവരുടെയും 75 പേരുടെ സംഘത്തിന് ജൂൺ 12ന് നല്കിയ സംപ്രേഷണത്തിൽ പറഞ്ഞു. ''അത് വിശ്വാസത്തിന്റെ ദാനത്തെ സൂചിപ്പിക്കുന്നു. അത് നമുക്കേവർക്കുമുള്ള അടയാളമാണ്. എന്തെന്നാൽ ജീവിതപാതയിലൂടെ മുന്നേറുവാൻ നമുക്കേവർക്കും വിശ്വാസത്തിന്റെ വെളിച്ചം ആവശ്യമാണ്. അതുകൊണ്ടാണ്

വിശ്വാസത്തിന്റെ ആദ്യകൂദാശയായ (പ്രായമായവരുടെ) ജ്ഞാനസ്നാനത്തിന് വെളിച്ചം എന്നുകൂടി പറയുന്നത്. കാഴ്ചയുള്ളവനായ പിറവിക്കുരുടൻ വിശ്വാസത്തിൽ ജനിച്ച് വളരുകയായിരുന്നു.

## ഫലവിചാരം

1) ദൈവമഹത്ത്വവും മനുഷ്യനന്മയും ഉള്ളിൽ പേറുന്ന വെളിച്ചങ്ങളോ നമ്മൾ?
2) വെളിച്ചത്തെ കാണാനും ജീവിതങ്ങളെ പ്രശോഭിപ്പിക്കാനും ആകുന്ന തേജസ്സിലാണോ നമ്മൾ?
3) രക്ഷയെ അന്യമാക്കുംവിധം കാപട്യത്തിലോ ഞാൻ? ജീവിതപാതയിലെ മുന്നേറ്റത്തിന് അവശ്യമായ വെളിച്ചത്തിൽ വളരുന്നുണ്ടോ?

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ഈശോയാകുന്ന സിലോഹായിൽ കഴുകി മുന്നേറുക

ഫാ. ജോർജ് ദാനവേലിൽ

യഹൂദർ ആചരിച്ചുപോന്ന തിരുനാളുകളിൽ വളരെ പ്രധാനപ്പെട്ട ഒരു തിരുനാളായിരുന്നു കൂടാരത്തിരുനാൾ. ഈ തിരുനാളാഘോഷങ്ങൾ ഏഴു ദിവസംവരെ നീണ്ടുനിന്നിരുന്നു ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിതരായ ഇസ്രായേൽക്കാർ മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ കൂടാരങ്ങളിൽ താമസിച്ചതിന്റെ ഓർമ്മയ്ക്കായി ഈ തിരുനാൾ ദിവസങ്ങളിൽ ജനങ്ങൾ താത്കാലിക കൂടാരങ്ങളിലാണ് താമസിച്ചിരുന്നത്. തിരുനാൾ ഔദ്യോഗികമായി സമാപിച്ചുകഴിയുമ്പോൾ കൂടാരനിർമ്മിതിക്ക് ഉപയോഗിച്ചിരുന്ന വൃക്ഷക്കമ്പുകൾ അഗ്നിയിൽ ദഹിപ്പിക്കും. ഇതിന്റെ പ്രകാശം ചുറ്റുമുള്ള വീടുകളെപ്പോലും പ്രകാശിപ്പിക്കും. മരുഭൂമിയിലൂടെ യാത്രചെയ്ത തങ്ങളുടെ പൂർവ്വികരെ ദൈവം അഗ്നിസ്തംഭം നല്കി വഴിനടത്തിയിരുന്നതിനെ അനുസ്മരിക്കുന്ന കൂടാരത്തിരുനാളാഘോഷത്തിന്റെ പശ്ചാത്തലത്തിൽ യേശു പ്രവർത്തിച്ച അദ്ഭുതമാണ് യോഹ.9/1-11 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുക. ജന്മനാ അന്ധനായ ഒരുവനു കാഴ്ചനല്കുന്നു എന്നതിലുപരി ആത്മീയാന്ധരായ മനുഷ്യർക്കു യഥാർത്ഥവെളിച്ചം താൻ തന്നെയാണ്എന്ന് ഈശോ വ്യക്തമാക്കിക്കൊടുക്കുകയായിരുന്നു ഈ അദ്ഭുത പ്രവർത്തനത്തിലൂടെ. ലോകത്തെ ജ്വലിപ്പിക്കുന്ന, വഴിനടത്തുന്ന യഥാർത്ഥ പ്രകാശം താൻതന്നെയായതിനാൽ തന്നെ അനുഗമിക്കുന്നവർ ഒരിക്കലും അന്ധകാരത്തിലൂടെ വഴിയറിയാതെ നടക്കേണ്ടിവരില്ല എന്ന് അവിടുന്നു വിശദമാക്കുന്നു.

ജന്മനാഅന്ധനായ മനുഷ്യനെ കാണുമ്പോൾ ശിഷ്യൻമാർ യേശുവിനോട് ഒരു ചോദ്യം ചോദിക്കുകയാണ്, ഇവൻ അന്ധനായിജനിച്ചത് ആരുടെ പാപംമൂലമാണ് എന്ന്? മനുഷ്യജീവിതത്തിലുണ്ടാകുന്ന ഓരോ ദുരിതവും വൈകല്യവും പാപത്തിന്റെ ഫലമാണെന്ന യഹൂദചിന്താഗതി ചിലപ്പോഴൊക്കെ നാമും വച്ചുപുലർത്താറില്ലെ? മനുഷ്യജീവിതത്തിൽ ദുരിതങ്ങളോ അപകടങ്ങളോ ഉണ്ടാകുമ്പോൾ അതിനു കാരണമായ പാപം കണ്ടുപിടിക്കാൻ ചിലരെങ്കിലും പരിശ്രമിക്കാറുണ്ട്. പിതാക്കൻമാരുടെ പാപത്തിന്റെ ഫലം മക്കൾ അനുഭവിക്കേണ്ടിവരും എന്ന ചിന്തപോലും പുലർത്തുന്നവരുംമുണ്ട്. തെറ്റായ ഈ ചിന്താഗതിയെ ഈശോ എതിർക്കുകയാണ്. ഈശോ പറയുക ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ് ഇവൻ അന്ധനായി ജനിച്ചത്. അന്ധനായ മനുഷ്യന്റെ വേദന നിറഞ്ഞ ജീവിതത്തിലേക്ക് ദൈവസ്നേഹം കടന്നു വന്നപ്പോൾ അയാൾ കാഴ്ചയുള്ളവനായി മാറി. അനുദിന ജീവിതത്തിലെ നിസ്സഹായതയുടെയും വേദനയുടെയും നിമിഷങ്ങളിലേക്കു ദൈവത്തിന്റെ സ്നേഹസ്പർശം വിളിച്ചു വരുത്തി സൗഖ്യം നേടുവാൻ നമുക്കും സാധിക്കണം.

ഒരിക്കൽ ഒരു യഹൂദ റബ്ബി തന്റെ ശിഷ്യരോടുചോദിച്ചു ഇരുൾ മാറി പ്രഭാതമായി എന്നു പറയാറാകുന്നത് എപ്പോഴാണ്? ശിഷ്യൻമാർ പല ഉത്തരങ്ങൾ പറഞ്ഞു ഒരാൾ പറഞ്ഞു അങ്ങകലെ കാണുന്ന ഒരു മരം അത്തിയോ ബദാമോ എന്നു തിരിച്ചറിയാൻ കഴിയുന്ന സമയമാണ് ഇരുൾ മാറി പ്രഭാതമാകുന്നത്. അല്ല! റബ്ബി മറുപടി പറഞ്ഞു. മറ്റൊരാൾ പറഞ്ഞു, അകലെ കാണുന്ന മൃഗം കഴുതയോ കുതിരയോ എന്നു തിരിച്ചറിയാൻ കഴിയുന്ന സമയത്ത് ഇരുൾ മാറി പ്രഭാതമായി എന്നു പറയാം. ഇതും ശരിയല്ല റബ്ബി മറുപടി പറഞ്ഞു. അവസാനം റബ്ബി പറഞ്ഞു, അകലെ നില്ക്കുന്ന ഒരാൾ എന്റെ സഹോദരനാണെന്ന് എപ്പോൾ എനിക്കു തിരിച്ചറിയാൻ കഴിയുന്നുവോ അപ്പോൾ ഇരുൾമാറി പ്രഭാതമായി എന്നു പറയാം. ഒരു വ്യക്തിയുടെ ജീവിതത്തിൽ എന്ന് ഈ തിരിച്ചറിവുണ്ടാകുന്നുവോ അപ്പോഴാണ് അവൻ കാഴ്ചയുള്ളവനാകുക. അതുവരെ അവൻ അന്ധകാരത്തിൽ ചരിക്കുന്നവനാണ് ഇതാണ് യോഹന്നാൻ തന്റെ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുക, താൻ പ്രാകാശത്തിലാണെന്നു പറയുകയും അതേസമയവും തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു(യോഹ. 2/9-10)

ജന്മനാഅന്ധനായിരുന്ന ഒരുവനെ ഈശോ സൗഖ്യപ്പെടുത്തുന്ന സുവിശേഷഭാഗം ശ്രവിക്കുമ്പോൾ നമുക്കു നമ്മെക്കുറിച്ചുതന്നെ ഒന്നു ചിന്തിക്കാൻ സാധിക്കണം. നമ്മുടെ കാഴ്ചശക്തിയെക്കുറിച്ച്, കണ്ണുണ്ടെങ്കിലും കാണാത്തവരാണോ നാം എന്ന്? ഈ അന്ധത ആത്മീയതലത്തിലും സംഭവിക്കാം. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുവാൻ കടന്നു വന്ന യഥാർത്ഥ പ്രകാശ

മായ ഈശോയെ തിരിച്ചറിഞ്ഞ് വേദനയുടെയും യാതനയുടെയും നിമിഷങ്ങളിൽപ്പോലും അവിടുത്തെ വിശ്വാസപൂർവ്വം അനുഗമിക്കാൻ സാധിക്കുന്നുവോ എന്നാണ് ചിന്തിക്കേണ്ടത്.

‘വെളിച്ചം ദുഃഖമാണുണ്ണി തമസല്ലോ സുഖപ്രദം’ എന്നു വിലപിച്ചവരുണ്ട്. പക്ഷേ ഇവർക്കണ്ടത് യഥാർത്ഥവെളിച്ചമായിരുന്നില്ല. ‘മിന്നുന്നതെല്ലാം പൊന്നല്ല’ എന്നൊരു പഴഞ്ചൊല്ലുതന്നെയുണ്ടല്ലോ. ഈ പഴഞ്ചൊല്ലിന്റെ അർത്ഥം ഗ്രഹിക്കാത്തവരാണിവരെല്ലാം. അവിടെയും ഇവിടെയും കാണുന്ന ചില മിന്നലുകൾ ഇവർ പ്രകാശമായി കരുതി അതിനെ അനുഗമിച്ചു. അങ്ങനെ ചിലർ മദ്യത്തിന്റെ പിറകേയും ചിലർ അധികാരത്തിന്റെ പിന്നാലെയും മറ്റുചിലർ പണത്തിന്റെ പിറകേയും യാത്രയായി. കുറെയാത്രചെയ്ത്തു കഴിഞ്ഞപ്പോഴാണ് അവർക്ക് തങ്ങളുടെ ദുരാവസ്ഥയെക്കുറിച്ച് ഓർമ്മയുണ്ടായത്.

മാമ്മോദീസാ സ്വീകരിച്ചപ്പോൾ ലോകത്തിന്റെ പ്രകാശമായ മിശിഹായെ സ്വീകരിക്കുന്നു എന്നതിന്റെ ബാഹ്യമായ അടയാളമായി കത്തിച്ചതിരി സ്വീകരിച്ചവരാണ് നാമൊക്കെ. ഈ പ്രകാശത്തിന്റെ പാതയിലൂടെ നടക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? അതോ ജീവിതത്തിലെ പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ ഈ തിരി കെടുത്തി ദിക്കറിയാതെ നട്ടം തിരുയുന്നവരാണോ നാമൊക്കെ?

അന്ധനായ മനുഷ്യന്റെ കണ്ണിൽ ചേറുപൂശിയിട്ട് സീലോഹ കുളത്തിൽ പോയി കഴുകാനാണ് ഈശോ ആവശ്യപ്പെടുന്നത്. സീലോഹ എന്ന പദത്തിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. അയയ്ക്കപ്പെട്ടവൻ ഈശോയാണ്. നമുക്കും ജീവിതയാത്രയിൽ ദിക്കറിയാതെ നട്ടംതിരിയുമ്പോൾ ഈശോയാകുന്ന സീലോഹായിൽ കഴുകി കാഴ്ചയുള്ളവരായി മുന്നേറാം.

SMCC-VACHANAVEDI http://
www.syromalabarcatechesis.org